LIBRARY ARCHIVES Kerala Legislative Assembly

അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ്

140 (3772) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് നിയോജക മണ്ഡലത്തിൽനിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഭരണാനുമതി ലഭ്യമാക്കുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചതും, അപേക്ഷയിൻമേൽ എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ളതുമായ പ്രവൃത്തികൾ തുക സഹിതം വിശദമാക്കാമോ ;

(ബി) പരിമിതമായ ഗതാഗത സൗകര്യങ്ങൾ മാത്രമുള്ള കുട്ടനാട്ടിലെ റോഡു നിർമ്മാണത്തിന് ടെണ്ടർ ക്ഷണിച്ചിട്ടും കരാറുകാർ ഏറ്റെടുക്കാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഭരണാനുമതി ലഭ്യമാക്കുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ച കുട്ടനാട് നിയോജകമണ്ഡലത്തിലെ റോഡുകളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ടെണ്ടർ ക്ഷണിച്ചിട്ടും കരാറുകാർ ഏറ്റെടുക്കാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങൾക്കനുസരിച്ചാണ് നടപടി സ്വീകരിക്കുന്നത്.

ചങ്ങനാശ്ശേരി മണ്ഡലത്തിൽ മത്സ്യകൃഷി

141 (3773) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തികവർഷത്തിൽ, ഉൾനാടൻ ജലാശയങ്ങളിലും കളങ്ങളിലും നടത്തുന്ന പദ്ധതിയിൽപ്പെടുത്തി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് ;

(ബി) ഈ പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.